**"CORRUPTION, A CRIME AGAINST NATION"**

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 27 .08. 2023

# "ഓപ്പറേഷൻ ട്രഷർ ഹണ്ട് "- അതിർത്തി ചെക്ക് പോസ്റ്റുകളിൽ വിജിലൻസിന്റെ സംസ്ഥാനതല മിന്നൽ പരിശോധന : വ്യാപക ക്രമക്കേടുകൾ കണ്ടെത്തി

സംസ്ഥാന അതിർത്തികളിൽ പ്രവർത്തിക്കുന്ന മോട്ടോർ വാഹന വകുപ്പ്, എക്സൈസ് വകുപ്പ്, മൃഗസംരക്ഷണ വകുപ്പ് എന്നീ വകുപ്പുകളിൻ കീഴിലെ ചെക്ക് പോസ്റ്റുകളിലെ ചില ഉദ്യോഗസ്ഥർ അന്യസംസ്ഥാനങ്ങളിൽ നിന്നും അതിർത്തി കടന്ന് വരുന്ന വാഹനങ്ങളിൽ മതിയായ പരിശോധന നടത്താതെ ഡ്രൈവർമാരിൽ നിന്നും കൈക്കൂലി വാങ്ങി സംസ്ഥാനത്തേക്ക് കടത്തി വിടുന്നതായും, ഇതുവഴി സർക്കാർ ഖജനാവിന് സാമ്പത്തിക നഷ്ടം വരുത്തുന്നതായി വിജിലൻസിന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് ഇന്ന് (27/08/2023) വെളുപ്പിന് 05:30 മണി മുതൽ ഒരേ സമയം സംസ്ഥാന അതിർത്തിയിലെ എല്ലാ ചെക്ക് പോസ്റ്റുകളിലും "ഓപ്പറേഷൻ ട്രഷർ ഹണ്ട്" എന്ന പേരിൽ നടത്തിയ സംസ്ഥാന തല മിന്നൽ പരിശോധനയിൽ വ്യാപക ക്രമക്കേടുകൾ വിജിലൻസ് കണ്ടെത്തി.

സംസ്ഥാനത്തെ എക്സൈസ് വകുപ്പിന്റെ കീഴിലുള്ള 39 അതിർത്തി ചെക്ക് പോസ്റ്റുകളിലും, മോട്ടോർ വാഹന വകുപ്പിന്റെ കീഴിലെ 19 ചെക്ക് പോസ്റ്റുകളിലും, മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള 12 കന്നുകാലി ചെക്ക് പോസ്റ്റുകളിലുമാണ് മിന്നൽ പരിശോധന നടത്തിയത്.

"ഓപ്പറേഷൻ ട്രഷർ ഹണ്ട്" ന്റെ ഭാഗമായി മോട്ടോർ വാഹന വകുപ്പിന്റെ കീഴിലുള്ള വിവിധ അതിർത്തി ചെക്ക് പോസ്റ്റുകളിൽ നടത്തിയ മിന്നൽ പരിശോധനയിൽ താഴെക്കാണുന്ന ക്രമക്കേടുകൾ വിജിലൻസ് കണ്ടെതിയിട്ടുള്ളതാകുന്നു. തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല മോട്ടോർ വാഹന വകുപ്പ് ചെക്ക് പോസ്റ്റിന് സമീപം കാണപ്പെട്ട ഏജന്റിന്റെ കൈവശത്തു നിന്നും 11,900/- രൂപയും, കൊല്ലം ജില്ലയിലെ ആര്യങ്കാവ് മോട്ടോർ വാഹന വകുപ്പ് ചെക്ക് പോസ്റ്റിലെ ഓഫീസ് അസിസ്റ്റന്റിന്റെ മേശപ്പുറത്തു നിന്നും 6,000/- രൂപയും, പാലക്കാട് ജില്ലയിലെ ഗോപാലപുരം മോട്ടോർ വാഹന വകുപ്പ് ചെക്ക് പോസ്റ്റിൽ നിന്നും 3,950/- രൂപയും പാലക്കാട് ജില്ലയിലെ വേലന്താവളം ചെക്ക് പോസ്റ്റിൽ ഓഫീസിനകത്തു കാണപ്പെട്ട ഫ്ലക്സ് ബോർഡിനടിയിൽ നിന്നും 4,700/- രൂപയും, മേശപ്പുറത്തു നിന്നും 1,600/- രൂപയും കണക്കിൽപ്പെടാത്തനിലയിൽ വിജിലൻസ് പിടികൂടി. പാലക്കാട് ജില്ലയിലെ

വാളയാർ-ഇൻ ചെക്ക് പോസ്റ്റിൽ നിന്നും പരിശോധന കഴിഞ്ഞു കടന്നു വന്ന മൂന്നു വാഹനങ്ങൾ വിജിലൻസ് പിടികൂടി അമിത ഭാരം കയറ്റിയതിനു 85,500/- രൂപ പിഴ ഈടാക്കി. കാസറഗോഡ് ജില്ലയിലെ ചെറുവത്തൂർ, പാലക്കാട് ജില്ലയിലെ വാളയാർ-ഔട്ട് എന്നീ ചെക്ക് പോസ്റ്റുകളിൽ പരിശോധന കൂടാതെ വാഹനങ്ങളെ കടത്തി വിടുന്നതായും, കാസറഗോഡ് ജില്ലയിലെ മഞ്ചേശ്വരം, ചെക്ക് പോസ്റ്റിൽ ഡ്യൂട്ടിയിൽ കാണേണ്ട മോട്ടോർ വാഹന വകുപ്പ് ഇൻസ്‌പെക്ടറെ അവിടെ ഹാജരില്ലാത്തതും വിജിലൻസ് കണ്ടെത്തി. തിരുവനന്തപുരം ജില്ലയിലെ പൂവാർ മോട്ടോർ വാഹന വകുപ്പ് ചെക്ക് പോസ്റ്റിൽ വിജിലൻസ് പരിശോധനയ്ക്ക് എത്തിയസമയം ഓഫീസ് അടച്ചിട്ട് ഉദ്യോഗസ്ഥർ ഉറങ്ങുന്നതായും വിജിലൻസ് കണ്ടെത്തി.

"ഓപ്പറേഷൻ ട്രഷർ ഹണ്ട്" ന്റെ ഭാഗമായി എക്സൈസ് വകുപ്പിന്റെ കീഴിലുള്ള വിവിധ അതിർത്തി ചെക്ക് പോസ്റ്റുകളിൽ നടത്തിയ മിന്നൽ പരിശോധനയിൽ താഴെക്കാണുന്ന ക്രമക്കേടുകൾ വിജിലൻസ് കണ്ടെത്തിയിട്ടുള്ളതാകുന്നു. തിരുവനന്തപുരം ജില്ലയിലെ ആറ്റുപുറം എക്സൈസ് ചെക്ക് പോസ്റ്റിലും, പൂവാർ എക്സൈസ് ചെക്ക് പോസ്റ്റിലും, മാവിളക്കടവ് എക്സൈസ് ചെക്ക് പോസ്റ്റിലും, മണ്ടപത്തിൻക്കടവ് എക്സൈസ് ചെക്ക് പോസ്റ്റിലും, നെയ്യാറ്റിൻകര അറക്കുന്ന് കടവ് എക്സൈസ് ചെക്ക് പോസ്റ്റിലും, അമരവിള എക്സൈസ് ചെക്ക് പോസ്റ്റിലും, പിരായുംമൂട് എക്സൈസ് ചെക്ക് പോസ്റ്റിലും, വയനാട് തോല്പെട്ടി എക്സൈസ് ചെക്ക് പോസ്റ്റുകളിലും, പരിശോധന കൂടാതെ വാഹനങ്ങൾ കടത്തിവിടുന്നതായി വിജിലൻസ് കണ്ടെത്തി. നെയ്യാറ്റിൻകര അറക്കുന്ന് കടവ് എക്സൈസ് ചെക്ക് പോസ്റ്റിൽ ഡ്യൂട്ടി സമയം രണ്ട് എക്സൈസ് ഉദ്യോഗസ്ഥരും, പിരായുംമൂട് ചെക്ക് പോസ്റ്റിൽ ഡ്യൂട്ടി സമയം ഒരു എക്സൈസ് ഉദ്യോഗസ്ഥനും, പെരുംപഴുതൂർ ചെക്ക് പോസ്റ്റിൽ ഡ്യൂട്ടി സമയം രണ്ട് എക്സൈസ് ഉദ്യോഗസ്ഥരും ഉറങ്ങുന്നതായും വിജിലൻസ് കണ്ടെത്തി. തിരുവനന്തപുരം ജില്ലയിലെ നെയ്യാർഡാം എക്സൈസ് ചെക്ക് പോസ്റ്റിൽ ഡ്യൂട്ടിയിലുള്ള ഒരു എക്സൈസ് ഉദ്യോഗസ്ഥനും, പിരായുമ്മൂട് എക്സൈസ് ചെക്ക് പോസ്റ്റിൽ ഡ്യൂട്ടിയിലുള്ള രണ്ട് എക്സൈസ് ഉദ്യോഗസ്ഥരും, മണ്ടപത്തിൻകടവ് ചെക്ക് പോസ്റ്റിൽ ഒരു ഉദ്യോഗസ്ഥനും കൊല്ലം ജില്ലയിലെ അച്ചൻകോവിൽ എക്സൈസ് ചെക്ക് പോസ്റ്റിൽ മൂന്ന് എക്സൈസ് ഉദ്യോഗസ്ഥരും, മലപ്പുറം ജില്ലയിലെ വഴിക്കടവ് ചെക്ക് പോസ്റ്റിൽ രണ്ട് എക്സൈസ് ഉദ്യോഗസ്ഥരും ഡ്യൂട്ടി സമയം ചെക്ക് പോസ്റ്റിൽ കാണപ്പെട്ടിട്ടില്ലാത്തതായി വിജിലൻസ് കണ്ടെത്തി. തിരുവനന്തപുരം ജില്ലയിലെ പിരായുംമൂട് ചെക്ക് പോസ്റ്റിൽ ഒരു ഉദ്യോഗസ്ഥന്റെ ഫോണിലേക്ക് ഗൂഗിൾ പേ വഴി 29,250/- രൂപ കഴിഞ്ഞ ഏതാനും ആഴ്ചകൾക്കുള്ളിൽ ലഭ്യമായതിനെപ്പറ്റി ചോദിച്ചതിൽ തൃപ്തികരമായ മറുപടി നൽകിയിട്ടില്ലാത്തതാകുന്നു. വിജിലൻസ് ഉദ്യോഗസ്ഥർ പരിശോധനയ്ക്ക് എത്തിയ സമയം നെയ്യാർഡാം ചെക്ക് പോസ്റ്റ് അടച്ചിട്ട നിലയിൽ ഉദ്യോഗസ്ഥർ ഉറങ്ങുന്നതായി കാണപ്പെട്ടു.

"ഓപ്പറേഷൻ ട്രഷർ ഹണ്ട്" ന്റെ ഭാഗമായി മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള വിവിധ അതിർത്തി കന്നുകാലി പരിശോധന ചെക്ക് പോസ്റ്റുകളിൽ നടത്തിയ മിന്നൽ പരിശോധനയിൽ താഴെക്കാണുന്ന ക്രമക്കേടുകൾ വിജിലൻസ് കണ്ടെത്തിയിട്ടുള്ളതാകുന്നു. ഇടുക്കി ജില്ലയിലെ കുമിളി, ബോഡിമേട്ട്, തിരുവനന്തപുരം

ജില്ലയിലെ പാറശ്ശാല എന്നീ ചെക്ക്പോസ്റ്റുകളിൽ പരിശോധന കൂടാതെ വാഹനങ്ങൾ കടത്തിവിടുന്നതായി വിജിലൻസ് കണ്ടെത്തി. പാറശ്ശാലയിൽ വിജിലൻസ് വന്ന സമയം പരിശോധന കൂടാതെ കോഴികളുമായി കടന്നുവന്ന വാഹനം തിരിച്ച് ചെക്ക്പോസ്റ്റിലെത്തിച്ച് ഫീസ് അടപ്പിച്ച ശേഷം കടത്തി വിട്ടിട്ടുള്ളതാണ്. ഇടുക്കി ജില്ലയിലെ കുമിളി, ബോഡിമേട്ട്, എന്നീ കന്നുകാലി ചെക്ക്പോസ്റ്റുകളിൽ TR-5 രസീത് നൽകാതെ തുക ഈടാക്കിയതായും വിജിലൻസ് കണ്ടെത്തി. ഇടുക്കി ജില്ലയിലെ കമ്പംമേട്ട് നിന്നും 2,600/- രൂപയും, ബോഡിമേട്ട് നിന്നും 1,100/- രൂപയും, കണ്ണൂർ ജില്ലയിലെ ഇരിട്ടി കന്നുകാലി ചെക്ക് പോസ്റ്റിൽ നിന്നും 6,460/- രൂപയും കണക്കിൽ പ്പെടാത്ത തുക വിജിലൻസ് പിടിച്ചെടുത്തു. ഇടുക്കി ജില്ലയിലെ കുമിളി ചെക്ക് പോസ്റ്റിൽ ഓഫീസടച്ചിട്ട് ഒരു ഉദ്യോഗസ്ഥൻ കിടന്നുറങ്ങുന്നതായും, മറ്റൊരു ഉദ്യോഗസ്ഥൻ ഇരുന്ന് ഉറങ്ങുന്നതായും കാണപ്പെട്ടു. മലപ്പുറം മണിമൂലി ചെക്ക് പോസ്റ്റ് അടച്ചിട്ട നിലയിൽ ഉദ്യോഗസ്ഥർ ഉറങ്ങുന്നതായും കാണപ്പെട്ടു. പാറശ്ശാല കന്നുകാലി ചെക്ക്പോസ്റ്റിലെ കോഴി പരിശോധന രജിസ്റ്റർ പ്രകാരം ഈമാസം 17 ന് ശേഷവും, കന്നുകാലി പരിശോധന രജിസ്റ്റർ പ്രകാരം ഈമാസം 24 ന് ശേഷവും യാതൊരു പരിശോധനയും നടത്തിയിട്ടില്ല എന്നും വിജിലൻസ് കണ്ടെത്തി.

ഇന്ന് നടന്ന മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളെ പറ്റിയുള്ള വിശദമായ റിപ്പോർട്ട് തുടർ നടപടികൾക്കായി സർക്കാരിന് നൽകുന്നതാണെന്നും വരും ദിവസങ്ങളിലും പരിശോധന തുടരുന്നതാണെന്നും വിജിലൻസ് ഡയറക്ടർ ശ്രീ. ടി. കെ. വിനോദ് കുമാർ. ഐ. പി. എസ്. അറിയിച്ചു.

വിജിലൻസ് ഡയറക്ടർ ശ്രീ. ടി. കെ. വിനോദ് കുമാർ. ഐ.പി.എസ്- അവർകളുടെ ഉത്തരവ് പ്രകാരം വിജിലൻസ് ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് ശ്രീമതി. ഹർഷിത അത്തല്ലൂരി. ഐ.പി.എസ്-ന്റെ മേൽനോട്ടത്തിലും പോലീസ് സൂപ്രണ്ട് (ഇന്റ്) ശ്രീ. ഇ.എസ്. ബിജുമോന്റെ നേതൃത്വത്തിലും നടക്കുന്ന മിന്നൽ പരിശോധനയിൽ സംസ്ഥാനത്തെ എല്ലാ വിജിലൻസ് യൂണിറ്റുകളും പങ്കെടുത്തു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറ്കടർ ശ്രീ. ടി. കെ. വിനോദ് കുമാർ. ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.